## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4189 17/05/2017-ൽ മറുപടിക്ക്

### കോസ്റ്റൽ റെഗുലേഷൻ സോൺ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സി. ആർ.ഇസഡ് നിയമം കാരണം സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിൽ മുൻ സർക്കാരിന്റെ ഭരണകാലത്ത് വീഴ്ച ഉണ്ടായി എന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | CRZ നിയമം മൂലം കേരളത്തിലെ തീരദേശ മേഖലയിൽ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിനായി കേന്ദ്രം ഡോ. ശൈലേഷ് നായിക് അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി ഇക്കാര്യം വിശദമായി പഠിച്ച് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2011-ലെ CRZ വിജ്ഞാപനത്തിൽ ചില ഇളവുകൾ അനുവദിക്കുമെന്ന് കരുതപ്പെടുന്നു. |
| (ബി) | സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ പ്രശ്നത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തെല്ലാം; വിശദമാക്കാമോ; | | |
| (സി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിൽ മുൻ സർക്കാർ വരുത്തിയ വീഴ്ച മറികടക്കുന്നതിന് നടത്തുന്ന സജീവ നടപടികൾ വിശദമാക്കാമോ; | (സി) | 2011-ലെ CRZ റഗുലേഷൻ പ്രകാരമുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) യുടെ കേന്ദ്ര സർക്കാർ സ്ഥാപനമായ NCESS മുഖേന തയ്യാറാക്കി മറ്റൊരു കേന്ദ്ര സർക്കാർ സ്ഥാപനമായ NCSCM-ന് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. ഇത് തിരികെ ലഭിച്ചാലുടനെ കേരളത്തിലെ 10 തീരദേശ ജില്ലകളിലും NCSCM തിരുത്തി അയച്ചു തന്നിരിക്കുന്ന വേലിയേറ്റ രേഖ അനുസരിച്ച് തയ്യാറാക്കിയ Coastal Zone |

| | | | |
|---|---|---|---|
| | | | Management Plan-ന്റെ കരട് പുതുക്കുകയും 10 ജില്ലകളിലും ഇത് പ്രസിദ്ധീകരിച്ച് ബന്ധപ്പെട്ടവരുടെ പരാതികൾ കൂടി കേട്ടശേഷം അന്തിമ പ്ലാൻ തയ്യാറാക്കുകയും ഇത് CZMP കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചു കൊടുക്കുകയും ചെയ്യും. കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോഴാണ് പ്രസ്തുത പ്ലാൻ അന്തിമമാകുന്നത്. |
| (ഡി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്; കോഴിക്കോട് ജില്ലയിലെ ഇതിന്റെ അവസ്ഥയെന്ത്; വിശദമാക്കാമോ; | (ഡി) | എല്ലാ ജില്ലകളിലെയും പ്ലാനിന്റെ കരട് തയ്യാറായിട്ടുണ്ട്. NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് ഇതിനാവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്. |
| (ഇ) | കോഴിക്കോട് ജില്ലയിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീട് തീരപ്രദേശത്ത് നിലനിൽക്കുന്നു എന്നത് വിശദമാക്കാമോ; | (ഇ) | NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് മാത്രമേ ഇത്തരത്തിലുള്ള ഔദ്യോഗികമായ കണക്കെടുപ്പ് സാധ്യമാകുകയുള്ളൂ. |
| (എഫ്) | സംസ്ഥാനത്തെ സ്ഥിതി എപ്രകാരമാണ് ശൈലേഷ് നായിക് സമിതി റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | ഡോ. ശൈലേഷ് നായിക് സമിതി റിപ്പോർട്ട് കേന്ദ്ര സർക്കാരിനാണ് സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ